**File No.LSGD-IB2/398/2018-LSGD**

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കിലയിലെ അഞ്ച് ഗാർഡനർമാർക്ക് പത്താം ശമ്പള പരിഷ്കരണ പ്രകാരമുള്ള പുതുക്കിയ ശമ്പള നിരക്കായ ₹ 16500-35700 നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്**

**സ.ഉ.(സാധാ) നം.1722/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 23/09/2020

---

പരാമർശം:- 1. 26.02.2011-ലെ സ.ഉ.(കൈ)നം.63/2011/തസ്വഭവ

2. 11.05.2012-ലെ സ.ഉ.(കൈ)നം.125/2012/തസ്വഭവ
3. 20.01.2016- ലെ സ.ഉ.(പി) നം.7/2016/ധന നമ്പർ ഉത്തരവ്.
4. 14.02.2018-ലെ സ.ഉ.(കൈ)നം.21/2018/തസ്വഭവ
5. 04.05.2018-ലെ സ.ഉ.(കൈ)നം.62/2018/തസ്വഭവ
6. കില ഡയറക്ടറുടെ 20.08.18, 15.05.19 തീയതികളിലെ 2016/101/503/Asst.E1 നമ്പർ കത്തുകൾ.
7. കില ഡയറക്ടറുടെ 05.11.19-ലെ കില/2016/101/2390 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1)-ലെ ഉത്തരവ് പ്രകാരം കിലയിൽ അഞ്ച് ഗാർഡനർ തസ്തിക സൃഷ്ടിച്ചു കൊണ്ടും കിലയിൽ താല്ക്കാലികമായി സേവനമനുഷ്ഠിച്ചിരുന്ന (1) ശ്രീ. സുരേഷ് കുമാർ എം.എസ്. (2) ശ്രീമതി. കൊച്ചുത്രേസ്യ സി.ഡി. (3) ശ്രീമതി.ഷേർളി എ.പി. (4) ശ്രീ. വർഗ്ഗീസ്. സി.എഫ്. (5) ശ്രീമതി. സുമ എൻ.കെ. എന്നിവരെ ടി തസ്തികകളിൽ സ്ഥിരപ്പെടുത്തിക്കൊണ്ടും ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2)-ലെ ഉത്തരവ് പ്രകാരം പരാമർശം (1) ഉത്തരവ് റദ്ദു ചെയ്യുകയും ടി ജീവനക്കാരെ സർവീസിൽ നിന്ന് വിട്ടയയ്ക്കുകയും ചെയ്തു. ഇതിനെതിരെ, ശ്രീ. സുരേഷ് കുമാർ എം.എസ്. തുടങ്ങിയവർ ഫയൽ ചെയ്ത 12253/2012-ാം നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 13.06.2017-ലെ വിധിന്യായം പ്രകാരം, പരാമർശം (1) ഉത്തരവ് പുനഃസ്ഥാപിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം (5) ഉത്തരവ് പ്രകാരം കിലയിലെ മറ്റ് ജീവനക്കാർക്ക് 2014-ലെ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ച് നല്കിയിരുന്നുവെന്നും ആയതിൽ ഗാർഡനർ തസ്തിക ഉൾപ്പെടാത്തതിനാൽ ഗാർഡനർമാർക്ക് പുതുക്കിയ നിരക്കിൽ ശമ്പളം അനുവദിച്ചു നല്കുവാൻ സാധിച്ചിട്ടില്ലെന്നും കില ഡയറക്ടർ പരാമർശം (6) പ്രകാരം അറിയിച്ചിരുന്നു. ഗാർഡനർ തസ്തികയിലുള്ള അഞ്ച് ജീവനക്കാർക്ക് കിലയിൽ അംഗീകരിച്ച് കിട്ടിയിട്ടുള്ള സമാന സ്കെയിൽ ആയ ₹ 8500 - 13210 സ്കെയിൽ അനുവദിച്ച നടപടിയ്ക്ക് സാധൂകരണം നൽകണമെന്നും പരാമർശം (3)-ലെ ശമ്പള പരിഷ്കരണ ഉത്തരവനുസരിച്ച് പുതുക്കിയ നിരക്കായ ₹ 16500 - 35700 അനുവദിച്ചു നൽകണമെന്നും പരാമർശം (6), (7) കത്തുകൾ പ്രകാരം കില ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1)-ലെ ഉത്തരവ് പ്രകാരം

കിലയിൽ ഗാർഡനർ തസ്തിക സൃഷ്ടിച്ചിരുന്നു. ആയതിനാൽ 5 ഗാർഡനർമാർക്ക് ₹ 8500-13210 സ്കെയിൽ അനുവദിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു. കൂടാതെ ഈ തസ്തികയ്ക്ക് അനുവദനീയമായ പത്താം ശമ്പള പരിഷ്കരണ പ്രകാരമുള്ള ₹ 16500-35700 ശമ്പള സ്കെയിൽ അനുവദിച്ച് നല്കുന്നതിനും അനുമതി നൽകുന്നു.

4) ഗാർഡനർ തസ്തിക കിലയുടെ സ്റ്റാഫ് പാറ്റേണിൽ ഉൾപ്പെടുത്താനുള്ള നടപടികൾ കില ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
P K PRATHAPAN
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (E&RSA / G&SSA), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (22.07.2020-ലെ E 1027145/DEV-4/2018-FIN പ്രകാരം.)
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / കാര്യാലയ പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.